<u>പതിനാലാം കേരള നിയമസഭ</u>

<u>ഒൻപതാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2412</u>          <u>05/02/2018-ൽ മറുപടിക്ക്</u>

# <u>കെ.എസ്.ഇ.ബി. ഡിവിഷണൽ ഓഫീസിന്റെ നിർമ്മാണം</u>

| | ചോദ്യം<br><br>**ശ്രീ.സി.എഫ്.തോമസ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചങ്ങനാശ്ശേരി ഡിവിഷണൽ ഓഫീസിനുവേണ്ടി കെ.എസ്.ഇ.ബി. യുടെ വക സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) | ഉണ്ട്. ചങ്ങനാശ്ശേരിയിൽ കെ.എസ്.ഇ. ബി.യുടെ അധീനതയിലുള്ള സ്ഥലത്ത് ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് 05.10.2017 ൽ ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും 10.01.2018 ൽ ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ഡിസൈൻ ചെയ്യുന്നതിനാവശ്യമായ മണ്ണ് പരിശോധന നടന്ന് വരികയാണ്. റിപ്പോർട്ട് ലഭിച്ചതിനു ശേഷം കെട്ടിടം ഡിസൈൻ ചെയ്ത് ടെണ്ടർ ചെയ്യേണ്ടതുണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിന് തടസ്സങ്ങളൊന്നും ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ ഇക്കാര്യത്തിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; | | |
| (സി) | എത്രയും വേഗം തടസ്സങ്ങൾ നീക്കി പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ